# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : *37

27.02.2018 ൽ മറുപടിക്ക്

## കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ വിറ്റഴിക്കുന്ന നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി. ഉണ്ണി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബി. സത്യൻ | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | മുതലാളിത്ത അനുകൂലനയങ്ങളുടെ ഭാഗമായി, ലാഭത്തിൽ പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങൾ നീതി ആയോഗിനെ ഉപയോഗിച്ച് സ്വകാര്യ മുതലാളിമാർക്ക് ഉച്ചവിലയ്ക്ക് വിറ്റഴിക്കുന്നത് സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തെയും പൊതു വികസനത്തെയും ദുർബലപ്പെടുത്താനിടയുണ്ടെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ തീരുമാനം അതാത് സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജീവനക്കാരുടെ തൊഴിലിനും അനുബന്ധ വ്യവസായങ്ങളുടെ പ്രവർത്തനങ്ങളേയും പ്രതികൂലമായി ബാധിക്കും. വളരെയധികം തന്ത്രപ്രധാനമായ മേഖലകളിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ പൊതുമേഖലയിൽ നിന്നുള്ള പിന്മാറ്റം സംസ്ഥാനത്തിന്റെ വ്യവസായിക മേഖലയുടെ വളർച്ചയ്ക്ക് വിലങ്ങുതടിയാകുകയും രാജ്യത്തെ പൊതു ആസ്ഥികൾ അന്യാധീനപ്പെട്ടുപോകുന്നതിനും ഇടയാകു കയും ചെയ്യും. |
| (ബി) | അൻപത് വർഷത്തിലേറെയായി നിരന്തരം ലാഭത്തിൽ പ്രവർത്തിച്ചു വരുന്നതും ഉല്പാദന-ആരോഗ്യ-സേവന മേഖലകളിൽ പ്രമുഖ പങ്കുവഹിക്കുന്നതുമായ ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡ് വിറ്റഴിക്കാനുള്ള നീക്കത്തിൽ നിന്നും പിൻമാറണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; | (ബി) | ഹിന്ദുസ്ഥാൻ ലൈഫ് കെയർ ലിമിറ്റഡിനെ പൊതുമേഖലയിൽ നിലനിർത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ, 15.01.2018 ലെ കേന്ദ്ര ഗവൺമെന്റിന്റെ കത്തിൽ നീതി ആയോഗിന്റെ നിർദ്ദേശപ്രകാരം ഓഹരിവിറ്റഴിക്കൽ നടപടികൾക്ക് തത്വത്തിൽ അംഗീകാരം നൽകിയതായി സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തിന് പുതിയ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഒന്നും അനുവദിക്കാതിരിക്കുകയും, ഫാക്ട്, കൊച്ചി കപ്പൽശാല, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് തുടങ്ങി കേരളത്തിന്റെ മുഖമുദ്രകളായിത്തീർന്ന സ്ഥാപനങ്ങൾ സ്വകാര്യ മുതലാളിമാർക്ക് വിറ്റഴിക്കുന്നതുമായ സമീപനം തിരുത്താൻ ആവശ്യപ്പെട്ടിട്ടുണ്ടോ; അത്തരം സ്ഥാപനങ്ങൾ വിറ്റഴിക്കാൻ അനുവദിക്കാതെ സംസ്ഥാന സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുമോ ? | (സി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്രസർക്കാരിന്റെ 'ഓഹരി വിറ്റഴിക്കൽ' നടപടികൾക്കെതിരെ അതാതു സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച് ഒ സി എൽ, ബി ഇ എം എൽ, എച്ച് എൻ എൽ, കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പുവരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് 2017 മാർച്ച് 13 ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിനു കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി കേന്ദ്രസർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായി വരുന്നു.<br>09.01.2018 ലെ കേന്ദ്ര സർക്കാരിന്റെ കത്തിൽ, എച്ച് എൻ എൽ ന്റെ ഓഹരികൾ വിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് 'ഓപ്പൺ ബിഡിങ്ങ്" വഴി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന ഗവൺമെന്റിനെ ബിഡ് പ്രോസസിങ്ങിനായി ക്ഷണിക്കുകയും |

| | | | |
|---|---|---|---|
| | | | ചെയ്തിട്ടുണ്ട്.<br>Kerala Electrical & Allied Engg. co. Ltd ഉം Bharat Heavy Electricals Ltd (BHEL) - മായി ചേർന്നുള്ള സംയുക്ത സംരംഭമായ ഭെൽ ഇലക്ട്രിക്കൽ മെഷീൻ ലിമിറ്റഡ് (BHEL Electrical Machines Ltd) എന്ന കമ്പനിയിലെ ഭെലിന്റെ 51% ഓഹരികൾ വിറ്റഴിക്കുന്നതിനായി കേന്ദ്രസർക്കാർ തീരുമാനിച്ചിരുന്നു. ഈ സ്ഥാപനത്തെ പൊതുമേഖലയിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

Bindu. T

**സെക്ഷൻ ഓഫീസർ**